# ഒറ്റയ്ക്ക് വളർത്താം മിടുക്കരാക്കാം

**ഒറ്റയ്ക്ക് കുട്ടിയെ വളർത്തുന്നതിലൂടെ വലിയൊരു ഉത്തരവാദിത്തമാണ് നിറവേറ്റുന്നത്. എന്നാൽ, ഒരിക്കലും അതൊരു ത്യാഗമോ ബാധ്യതയോ ആയി കരുതരുത്**





**സന്ധ്യാറാണി എൽ.**
ചൈൽഡ് & ഫാമിലി കൗൺസലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
9387613503
www.consolace.com

ജീവിതപങ്കാളിക്കും മക്കൾക്കുമൊപ്പം സന്തുഷ്ടമായ കുടുംബജീവിതമാണ് ഏവരുംആഗ്രഹിക്കുന്നത്. എന്നാൽ, ജീവിതയാത്രയിൽ വിധി പലപ്പോഴും മറിച്ചായേക്കാം. അപ്രതീക്ഷിതമായി ജീവിതപങ്കാളിയെ നഷ്ടപ്പെടുകയോ വിവാഹബന്ധം വേർപിരിയുകയോ ചെയ്തേക്കാം. വിവാഹബന്ധം വേണ്ടെന്ന ഉറച്ച തീരുമാനത്തിൽ ജീവിക്കുന്നവർ പോലും ഒരു ഘട്ടം കഴിഞ്ഞാൽ ഒരു കുഞ്ഞിനെ ദത്തെടുക്കാൻ താത്പര്യപ്പെടാറുണ്ട്. ഈ മൂന്ന് സാഹചര്യങ്ങളിലും കുട്ടിയെ നോക്കേണ്ട ഉത്തരവാദിത്തം പൂർണ്ണമായും ഒരു രക്ഷിതാവിന് കീഴിൽ വരുന്നു. അച്ഛന്റേയും അമ്മയുടേയും സ്നേഹത്തണലിൽ വളരേണ്ട കുഞ്ഞുങ്ങൾ ഫലത്തിൽ ഒരാളുടെ ചിറകിൻ കീഴിൽ ഒതുങ്ങിപ്പോകുന്നു. രക്ഷിതാവ് വേണ്ടത്ര ശ്രദ്ധ നൽകിയില്ലെങ്കിൽ ഈ അവസ്ഥ കുട്ടികളിൽ പലവിധത്തിലുള്ള മാനസികപ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. രണ്ടുപേർ പങ്കിട്ടെടുക്കുന്ന ഉത്തരവാദിത്തങ്ങൾ ഒറ്റയ്ക്ക് ഏറ്റെടുക്കേണ്ടി വരുന്ന രക്ഷിതാവിന്റെ മാനസികാവസ്ഥയും മറിച്ചല്ല. വീട്ടുജോലിയും കുട്ടികളുടെ ഉത്തരവാദിത്തവും

കുട്ടി താത്പര്യം പ്രകടിപ്പിച്ചാൽ അവരുടെ അടുത്ത് കൊണ്ടു പോകുന്നതിലും എതിർപ്പില്ല. എല്ലാവരിൽ നിന്നും ഒഴിഞ്ഞു മാറുന്ന സ്വഭാവം മാറി അനന്തു മിടുക്കൻ കുട്ടിയായി വളരുമെന്ന ഉറച്ച വിശ്വാസത്തിൽ മുന്നോട്ടു പോകുകയാണ് അവർ.

## ഒരാളല്ല, രണ്ടാളാണ്

ഒരാളുടെ ഉത്തരവാദിത്തങ്ങളല്ല നിങ്ങളെ കാത്തിരിക്കുന്നതെന്ന് അംഗീകരിക്കുകയാണ് ആദ്യം വേണ്ടത്. കുട്ടിയുടെ എല്ലാകാര്യങ്ങളും നിങ്ങൾ ഒറ്റയ്ക്കാണ് ഏറ്റെടുക്കേണ്ടി വരുന്നത്. അവരുടെ പഠനം, ഭക്ഷണം, സുഹൃത്തുക്കൾ, ഷോപ്പിംഗ്, വിനോദം തുടങ്ങി എല്ലാം നിങ്ങളുടെ ചുമതലയാണ്. ഇതിനിടയിൽ അവർക്ക് അസുഖങ്ങൾ പിടിപെട്ടാൽ പരിചരിക്കണം. തീർച്ചയായും വലിയൊരു ജോലിയാണത്.

ഒറ്റയ്ക്ക് കുട്ടിയെ നോക്കുന്ന രക്ഷിതാക്കളിൽ പലരും ജോലിയുള്ളവർ കൂടിയാകും. ഒരു കുട്ടിയെ വളർത്തിക്കൊണ്ടു വരണമെങ്കിൽ സാമ്പത്തികഭദ്രതയുള്ളൊരു ജോലി അനിവാര്യമാണ്. ഓഫീസിലെ തിരക്കുകൾക്കൊപ്പം കുട്ടിയുടെ കാര്യങ്ങൾക്കു കൂടി സമയം കണ്ടെത്തുന്നത് പലപ്പോഴും ഇരട്ടിഭാരമായി അനുഭവപ്പെടാം. ഇത് നിങ്ങളുടെ തീരുമാനമാണെന്ന കാര്യമാണ് ഇവിടെ ഓർമ്മിക്കേണ്ടത്. കുട്ടിയെ ഒറ്റയ്ക്ക് വളർത്തുന്നതാണ് ഉചിതം എന്നു തീരുമാനിച്ച സ്ഥിതിയ്ക്ക് അതൊരു ഭാരമായി കണക്കാക്കേണ്ടതില്ല. സന്തോഷത്തോടെ തന്നെ ആ ഉത്തരവാദിത്തം നിറവേറ്റാം.

## കൃത്യനിഷ്ഠ വളരെ പ്രധാനമാണ്

ഏറെ തിരക്കുപിടിച്ചൊരു ജീവിതം നയിക്കുമ്പോൾ കൃത്യനിഷ്ഠ വളരെ പ്രധാനമാണ്. അത്യാവശ്യമില്ലാത്ത കാര്യങ്ങൾക്കൊന്നും സമയം ചെലവഴിക്കില്ല എന്നു തീരുമാനിക്കുക. ഓഫീസിൽ കൃത്യസമയത്ത് എത്തുകയും സമയം ഒട്ടും പാഴാക്കാതെ ജോലികൾ ഒന്നൊന്നായി തീർക്കാനും ശ്രദ്ധിക്കുക. ഓഫീസ് സമയം കഴിഞ്ഞും അവിടെ സമയം ചെലവഴിക്കുന്നത് ഒഴിവാക്കാൻ ഇതിലൂടെ കഴിയും.

സഹപ്രവർത്തകരുമായി നല്ല സൗഹൃദം വളർത്തിയെടുക്കുന്നത് നല്ലതാണ്. എന്നാൽ, കൂടുതൽ നേരം അവരുമായി സംസാരിച്ച് സമയം പാഴാക്കിയാൽ നിങ്ങളുടെ ദിവസത്തിലെ മറ്റെന്തെങ്കിലും പ്രധാനപ്പെട്ട കാര്യത്തിന് സമയം കുറഞ്ഞു പോകുമെന്ന് ഉറപ്പാണ്.

ഓഫീസ് ദിവസങ്ങളിൽ തന്നെ കുട്ടിയുടെ സ്കൂളിൽ മീറ്റിംഗോ കലാപരിപാടികളോ ഒക്കെ ഉണ്ടായെന്നു വരാം. അതിനു വേണ്ടി ഒരു ദിവസം മുഴുവനും ലീവ് എടുക്കണമെന്നില്ല. എപ്പോഴാണ് സ്കൂളിൽ എത്തേണ്ടതെന്ന് കൃത്യമായി മനസ്സിലാക്കുക. ഏകദേശം എത്ര സമയം അവിടെ ചെലവഴിക്കേണ്ടി വരുമെന്നും അറിയണം.

ചില ഓഫീസുകളിൽ ദിവസം ഇത്ര മണിക്കൂർ അല്ലെങ്കിൽ ആഴ്ചയിൽ ഇത്ര മണിക്കൂർ ജോലി ചെയ്യണം എന്ന പോളിസിയാണ് പിന്തുടരുന്നത്. അങ്ങനെയെങ്കിൽ ലീവ്





**കുട്ടിയുടെ ചോദ്യങ്ങൾക്ക് സത്യസന്ധമായ ഉത്തരം നൽകണം**

എടുക്കാതെ തന്നെ സ്കൂളിൽ എത്താനാകുമോ എന്ന് ചിന്തിക്കുക. അല്ലാത്തപക്ഷം പകുതി ദിവസം ലീവെടുക്കാം.

### കൊച്ചു കുട്ടിയാണെങ്കിൽ

കുട്ടി സ്കൂൾ പ്രായത്തിനും താഴെയാണെങ്കിൽ പകൽ സമയം അവരെ നോക്കാൻ ഒരാൾ കൂടിയേ തീരൂ. വിശ്വസിക്കാവുന്ന ഡേ കെയർ സെന്ററുകളെ ആശ്രയിക്കാം. അല്ലെങ്കിൽ വീട്ടിൽ തന്നെ ആയയെ നിർത്താം. ഇത്തരത്തിൽ പുറത്തു നിന്നൊരാളെ ആശ്രയിക്കേണ്ടി വരുമ്പോൾ അവരുടെ പശ്ചാത്തലം വേണ്ട വിധം മനസ്സിലാക്കിയിരിക്കണം. ചെറിയ തുക ലാഭിക്കാൻ വേണ്ട വിട്ടുവീഴ്ചകൾക്ക് തയ്യാറാകരുത്. ഇത് നിങ്ങളുടെ കുഞ്ഞിന്റെ കാര്യമാണെന്ന് എപ്പോഴും ഓർമ്മിക്കുക.

പകൽസമയം ബന്ധുവീടുകളിൽ കുട്ടികളെ കൊണ്ടാക്കുന്ന ചുരുക്കം ചിലരുണ്ട്. ബന്ധുവീട്ടിലെ എല്ലാവരുമായും നിങ്ങൾ നല്ല അടുപ്പം സൂക്ഷിക്കുന്നുണ്ടാകും. കുട്ടിയെ നോക്കുന്നതിൽ അവർക്ക് വിരോധമൊന്നും ഉള്ളതായി നിങ്ങൾക്ക് ഒരിക്കലും തോന്നിയിരിക്കില്ല. പക്ഷേ, കുട്ടിക്ക് നിങ്ങളോ അല്ലെങ്കിൽ പ്രതിഫലത്തിനു ജോലി ചെ

## മറച്ചു വയ്ക്കേണ്ടതില്ല; ഒന്നും

എന്തുകൊണ്ട് തനിക്കു മാത്രം ഒരു രക്ഷിതാവ് എന്ന സംശയം കുട്ടിയിലുണ്ടാവുക സാധാരണമാണ്. അമ്മ എവിടെയാണ് അല്ലെങ്കിൽ അച്ഛൻ എവിടെയാണ് എന്ന് അവർ തീർച്ചയായും അന്വേഷിക്കും. പലരും കുട്ടിക്കു തിരിച്ചറിവാകുന്നതുവരെ കാര്യങ്ങളെല്ലാം അവരിൽ നിന്ന് മറച്ചു വയ്ക്കും. എന്നാൽ, അയൽക്കാരോ ബന്ധുക്കളോ കൂട്ടുകാരോ വഴി അവർ കാര്യങ്ങൾ മനസ്സിലാക്കിയേക്കാം. നിങ്ങൾ എന്തിന് ഇതെല്ലാം മറച്ചു വച്ചു അല്ലെങ്കിൽ കളവു പറഞ്ഞു എന്ന ചിന്ത കുട്ടിയെ വേദനിപ്പിക്കും. അതിനാൽ കുട്ടിയുടെ ചോദ്യങ്ങൾക്ക് സത്യസന്ധമായ ഉത്തരം നൽകണം.

കുട്ടിയുടെ അമ്മ മരിച്ചു പോയെങ്കിൽ ഒരിക്കലും അവരോട് അമ്മ ഒരു ദിവസം വരും എന്ന കളവു പറയരുത്.

പകരം അവർക്കു മനസ്സിലാകുന്ന തരത്തിൽ അമ്മ നമുക്കൊപ്പം ഇല്ല എന്നു ധരിപ്പിക്കുക.

വിവാഹമോചനം നേടിയവരാണെങ്കിൽ അമ്മ അല്ലെങ്കിൽ അച്ഛൻ ഉണ്ട്, എന്നാൽ അവർ നമ്മോടൊപ്പമല്ല താമസം എന്നു പറയാം.

അതിന്റെ കാരണങ്ങളും കുട്ടിക്കു മനസ്സിലാകുന്ന തരത്തിൽ അവതരിപ്പിക്കാം.



യ്യുന്ന ആയയോ നൽകുന്ന സംരക്ഷണം അവർ നൽകണമെന്നില്ല. കൂടാതെ ഇന്നയിന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് നിങ്ങൾക്ക് ബന്ധുക്കളോട് ആവശ്യപ്പെടാനും കഴിയില്ല. കാരണം അവർ തികച്ചും സൗജന്യമായി ചെയ്യുന്ന ഒരു ഉപകാരം മാത്രമാണിത്. അതിനാൽ, നിങ്ങളുടെ അഭാവത്തിൽ കുട്ടിയുടെ ഉത്തരവാദിത്തം ഒരാളെ പൂർണ്ണമായും ഏൽപ്പിക്കാൻ ശ്രദ്ധിക്കുക.

## വീട്ടുജോലികൾ

ഓഫീസും കുട്ടിയും കഴിഞ്ഞാൽ പിന്നെ വീട്ടുജോലികളാണ് മറ്റൊരു ചുമതല. ഓരോ മാസത്തേക്കും വേണ്ട വീട്ടുസാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്നവയെല്ലാം ഒരുമിച്ച് വാങ്ങാം. വൈദ്യുതി, ഫോൺ തുടങ്ങിയ ബില്ലുകളെല്ലാം ഓൺലൈൻ വഴി തന്നെ അടയ്ക്കുക. പാചകം, തുണിയലക്കൽ, വീടുവൃത്തിയാക്കൽ തുടങ്ങി എല്ലാം നിങ്ങൾക്ക് തനിച്ചു ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പാർട്ട് ടൈം സെർവന്റിന്റെ സഹായം തേടാം. അതിനായി നീക്കി വയ്ക്കേണ്ടി വരുന്ന തുക ഒരിക്കലും ഒരു നഷ്ടമായി കണക്കാക്കേണ്ടതില്ല. ഒരേ ഷെഡ്യൂളിൽ വിശ്രമമില്ലാതെ ഓടിയാൽ നിങ്ങളുടെ ആരോഗ്യത്തെ അത് മോശമായി ബാധിക്കുകയും ഭാവിയിൽ ചിലപ്പോൾ ഒരു സെർവന്റിനു നൽകേണ്ട ശമ്പളത്തേക്കാൾ വലിയ തുക ആശുപത്രിവാസത്തിനു ചെലവിടേണ്ടി വരികയും ചെയ്യും. അതിനാൽ എല്ലാം ഒറ്റയ്ക്കു ചെയ്യും എന്ന വാശി ഉപേക്ഷിക്കുക.

**എല്ലാം ഒറ്റയ്ക്കു ചെയ്യും എന്ന വാശി ഉപേക്ഷിക്കുക**

## കുറ്റങ്ങൾ പറയരുത്

ഒരിക്കലും നിന്റെ അമ്മ നല്ലവളല്ല, അല്ലെങ്കിൽ അച്ഛൻ മോശക്കാരനാണ് തുടങ്ങി പിരിഞ്ഞു ജീവിക്കുന്ന പങ്കാളിയുടെ കുറ്റങ്ങൾ അവരുടെ മനസ്സിൽ കുത്തിനിറയ്ക്കുന്ന വാക്കുകൾ പ്രയോഗിക്കരുത്. പിരിഞ്ഞു ജീവിക്കുന്ന അച്ഛനെ അല്ലെങ്കിൽ അമ്മയെ കാണണമെന്ന് കുട്ടി ആവശ്യപ്പെട്ടാൽ കഴിയുന്നതും സാധിച്ചു കൊടുക്കുക. നിങ്ങളും പങ്കാളിയും തമ്മിൽ

## ദത്തെടുക്കുന്നവർ അറിയേണ്ടത്

വിവാഹിതരാകാതെ കുഞ്ഞിനെ ദത്തെടുത്ത് വളർത്തുന്നവരുണ്ട്. സ്വന്തം കുഞ്ഞിനെ പോലെ തന്നെ അവരെ സ്നേഹിക്കാം. അതേസമയം നിങ്ങൾ അവരെ ദത്തെടുത്തതാണെന്ന സത്യം മറച്ചുവയ്ക്കേണ്ടതില്ല. ഇന്നല്ലെങ്കിൽ നാളെ അവർ അത് തിരിച്ചറിയും. അത് ചിലപ്പോൾ അവർക്ക് വലിയൊരു ഷോക്ക് ആയേക്കാം. ഇത്രയുംനാൾ നിങ്ങൾ അവരോടു കള്ളം പറയുകയായിരുന്നു എന്നറിയുമ്പോൾ കുട്ടി എങ്ങനെ പ്രതികരിക്കുമെന്ന് പോലും പറയാനാകില്ല. നിങ്ങളിൽ നിന്ന് മാനസികമായി അകലാനും ചിലപ്പോൾ ഒളിച്ചോടാനോ വരെ സാധ്യതയുണ്ട്. അതിനാൽ അവരെ കാര്യങ്ങൾ മുൻകൂട്ടി ധരിപ്പിക്കുക.

നിങ്ങൾ അവരെ സ്വന്തം കുട്ടിയെപ്പോലെ സ്നേഹിക്കുന്നു എന്ന് അവരെ ബോധ്യപ്പെടുത്തുകയാണ് പ്രധാനം.

**മക്കൾക്ക് എല്ലാം തുറന്ന് പറയാൻ കഴിയുന്ന സുഹൃത്താകണം**

പ്രശ്നങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ, കുഞ്ഞിന് അച്ഛനോടോ അമ്മയോടോ യാതൊരു ശത്രുതയും തോന്നേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടാവില്ല. അങ്ങനെ വരുമ്പോൾ അവരെ കാണണമെന്ന കുഞ്ഞിന്റെ ആവശ്യം തികച്ചും ന്യായമാണ്.

തന്നെ വിട്ട് കുഞ്ഞ് പിരിഞ്ഞു ജീവിക്കുന്ന പങ്കാളിക്കൊപ്പം പോയേക്കുമോ എന്ന പേടി കാരണം കുഞ്ഞിനെ അവരിൽ നിന്ന് അകറ്റി നിർത്തുന്നവരുണ്ട്. പലപ്പോഴും കുഞ്ഞിനെ ഭീഷണിപ്പെടുത്തിയും തല്ലിയും ഒക്കെയാവും അവർ കുഞ്ഞിന്റെ ചോദ്യങ്ങൾ അവസാനിപ്പിക്കുന്നത്. ഇത് അവരുടെ ഉള്ളിൽ പേടിയും ഭീതിയും വളർത്താനേ സഹായിക്കൂ.തുറന്നു ചോദിച്ചില്ലെങ്കിൽ പോലും അവരുടെ ഉള്ളിൽ സംശയങ്ങൾ നിലനിൽക്കുകയും ചെയ്യും.

അതിന് ഉത്തരം തേടുമ്പോൾ അവർ നിങ്ങളിൽ നിന്ന് മാനസികമായി അകലാനുള്ള സാധ്യത കൂടുതലാണ്. നിങ്ങളേക്കാൾ അലിവും സ്നേഹവുമുള്ളയാളാണ് ഇതുവരെ കിട്ടില്ലാത്ത അടുത്ത രക്ഷിതാവ് എന്ന ചിന്തയും അവരുടെ ഉള്ളിൽ വളരും. ഇതിനൊന്നും ഇടകൊടുക്കാതെ പിരിഞ്ഞു ജീവിക്കുന്ന പങ്കാളിയുമായി ഇടപഴകാനുള്ള സാഹചര്യം കുഞ്ഞിന് നൽകുന്നതാണ് നല്ലത്. ഒപ്പം അവരെ പറ്റിയുള്ള കുറ്റങ്ങൾ ഒരിക്കലും കുഞ്ഞിനോടു പറയാതിരിക്കുക.

അവരുടെ മനസ്സിൽ ശത്രുതയും പകയും കുത്തി വച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സ്നേഹിക്കാനും നല്ല ബന്ധങ്ങൾ വളർത്താനുമാണ് കുഞ്ഞിനെ പഠിപ്പിക്കേണ്ടത്.

### വാക്ക് പാലിക്കണം

എല്ലാ ചുമതലകളും ഒറ്റയ്ക്ക് ചെയ്യുന്നതിനാൽ പലപ്പോഴും കുഞ്ഞിന്റെ ചെറിയ ഇഷ്ടങ്ങൾക്ക് സമയം കണ്ടെത്താൻ കഴിയാതെ വരും. നിങ്ങൾക്ക് ചെയ്തു കൊടുക്കാൻ കഴിയാത്ത കാര്യങ്ങൾ ഒരിക്കലും വാഗ്ദാനം ചെയ്യരുത്. അതിനു സമയം കണ്ടെത്താൻ കഴിയില്ലെന്ന കാര്യം അവരെ പറഞ്ഞു മനസ്സിലാക്കണം. സ്ഥിരമായി വാഗ്ദാനം ചെയ്യുകയും അത് പാലിക്കാതെ വരികയും ചെയ്യുമ്പോൾ കുഞ്ഞിന് നിങ്ങളോടുള്ള മതിപ്പ് നഷ്ടപ്പെടും. ഒറ്റ രക്ഷിതാവേ ഉള്ളൂ എന്നത് ഒരിക്കലും ഒരു മോശം കാര്യമല്ല എന്ന് അവർ തിരിച്ചറിയണം. കൂട്ടുകാരോ നാട്ടുകാരോ ഏതെങ്കിലും തരത്തിൽ കളിയാക്കിയാൽ വേദനിക്കേണ്ടതില്ലെന്ന് അവരെ ബോധ്യപ്പെടുത്തുക.

### തുറന്ന് പറയാൻ മടിക്കണ്ട

വളർച്ചയുടെ ഓരോ ഘട്ടത്തിലും കുട്ടിക്ക് ശാരീരികമായ മാറ്റങ്ങളെ കുറിച്ച് സംശയമുണ്ടാകും. അച്ഛനായതിനാൽ പെൺകുഞ്ഞിനോട് ഇതെങ്ങനെ പറയും അല്ലെങ്കിൽ അമ്മമാർ ആൺകുട്ടിയോട് ഇത് പറയാൻ പാടുണ്ടോ തുടങ്ങിയ ആശങ്കകളിൽ അർത്ഥമില്ല. അവർക്ക് എന്തും തുറന്നു സംസാരിക്കാൻ





കഴിയുന്ന നല്ല സുഹൃത്തായി നിങ്ങൾ മാറുക എന്നതാണ് പ്രധാനം.

## വേണം നല്ല ബന്ധങ്ങൾ

കുഞ്ഞിന്റെ എല്ലാ കാര്യങ്ങൾക്കും എപ്പോഴും നിങ്ങൾക്ക് ഓടിയെത്താൻ കഴിയണമെന്നില്ല. കുട്ടിയും നിങ്ങളും രണ്ടു സ്ഥലത്തായിരിക്കുന്ന സമയത്ത് കുട്ടിക്ക് അപ്രതീക്ഷിതമായി എന്തെങ്കിലും അസുഖം വന്നേക്കാം. കുട്ടി സ്കൂളിൽ ആണെങ്കിൽ അധ്യാപകർ നിങ്ങളെ ഉടനടി ഫോണിൽ ബന്ധപ്പെടും. അവരോട് കുട്ടിയെ ആശുപത്രിയിലെത്തിക്കാൻ ആവശ്യപ്പെടുകയും നിങ്ങൾ ഇത്ര സമയത്തിനുള്ളിൽ അവിടെ എത്തുമെന്ന് അറിയിക്കുകയും ചെയ്യാം. കുട്ടി വീട്ടിലാണെങ്കിൽ അയൽപക്കക്കാരുടേയോ ബന്ധുക്കളുടേയോ സഹായം തേടാം. ഇത്തരത്തിൽ ആവശ്യഘട്ടത്തിൽ സഹായിക്കാൻ കഴിയുന്നവരുടെ വലയം ചുറ്റും വളർത്തിയെടുക്കുകയാണ് വേണ്ടത്. പ്രധാനപ്പെട്ട എല്ലാ ഫോൺ നമ്പറുകളും സേവ് ചെയ്യണം. കുഞ്ഞിനെ ഏൽപ്പിച്ച ഡേ കെയർ, ആയ, അയൽപക്കത്തെ സുഹൃത്തുക്കൾ, ഡോക്ടർ, സ്കൂളിലെ അധ്യാപകർ അങ്ങനെ കുഞ്ഞുമായി ബന്ധപ്പെട്ട എല്ലാവരുടേയും നമ്പറുകൾ സൂക്ഷിക്കുക. പെട്ടെന്നൊരാവശ്യത്തിന് നിങ്ങൾക്ക് ഇതി ആരെയാണ് വിളിക്കേണ്ടി വരികയെന്ന് പറയാനാകില്ല. ബന്ധുക്കളുമായും നിങ്ങളുടെ മാതാപിതാക്കളുമായും അടുത്ത ബന്ധം സൂക്ഷിക്കുക. ജോലി സംബന്ധമായി പെട്ടെന്ന് യാത്രകളോ മറ്റോ വേണ്ടി വരുമ്പോൾ കുഞ്ഞിനെ കുറച്ചു ദിവസത്തേക്ക് വിശ്വസിച്ച് ഏൽപ്പിക്കാൻ കഴിയുന്ന ഒരിടം മനസ്സിൽ ഉണ്ടാകണം. ഓഫീസിലും പുറത്തും ധാരാളം നല്ല സുഹൃത്തുക്കളെ കണ്ടെത്തുക. ഓഫീസിൽ നിങ്ങളുടെ ചീഫ് / ബോസുമായും അടുത്ത ബന്ധം നിലനിർത്താൻ ശ്രദ്ധിക്കണം. കഴിയുമെങ്കിൽ നിങ്ങളുടെ കുടുംബപശ്ചാത്തലത്തെ കുറിച്ച് അദ്ദേഹത്തെ അറിയിക്കാം. നിങ്ങളുടെ ഉത്തരവാദിത്ത ൾ

**കുട്ടിയുമൊത്തുള്ള നിമിഷങ്ങൾ നന്നായി ആസ്വദിക്കുക**

അദ്ദേഹം മനസ്സിലാക്കിയാൽ അത്യാവശ്യഘട്ടത്തിൽ ലീവ് അനുവദിച്ചു കിട്ടാൻ പ്രയാസമുണ്ടാകില്ല.

വിവാഹമോചനത്തിന്റെ കാരണങ്ങൾ എന്തുതന്നെയായാലും പങ്കാളിയുമായോ അവരുടെ വീട്ടുകാരുമായോ ശത്രുത പുലർത്തേണ്ട ആവശ്യമില്ല. അവർ നിങ്ങളുമായോ
കുഞ്ഞുമായോ സംസാരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലക്കേണ്ടതില്ല.

## അറിയണം സാമ്പത്തികം

ഒരു കുഞ്ഞിനെ വളർത്തിക്കൊണ്ടു വരുന്നത് വലിയ സാമ്പത്തിക ഉത്തരവാദിത്തമാണ്. ഒറ്റയ്ക്ക് കുഞ്ഞിനെ വളർത്താൻ തീരുമാനിക്കുമ്പോൾ അതിനുള്ള മാർഗ്ഗവും നിങ്ങൾ കണ്ടെത്തണം. വിവാഹമോചനം നേടുമ്പോൾ കുഞ്ഞിനും അമ്മയ്ക്കും ചെലവിനു നൽകണമെന്ന് കോടതി ഉത്തരവിടാറുണ്ട്. ഇത്തരത്തിൽ മുൻഭർത്താവിൽ നിന്നു കിട്ടുന്നത് പലപ്പോഴും വളരെ ചെറിയൊരു തുകയായിരിക്കും. വീട്ടുകാരെ ആശ്രയിച്ച് എല്ലാ കാലവും മുന്നോട്ടു പോകാൻ കഴിയില്ല. അതിനാൽ, നിങ്ങൾ തന്നെ ഒരു വരുമാനമാർഗ്ഗം കണ്ടെത്തണം. ഓഫീസ് ജോലി തന്നെയാകണമെന്നില്ല, നിങ്ങളുടെ അറിവുകൾ പ്രയോജനപ്പെടുത്തി തയ്യലോ ട്യൂഷനോ പാചകമോ ഡ്രൈവിംഗ് പഠിപ്പിക്കലോ അങ്ങനെ എന്തിൽ നിന്ന് പണം കണ്ടെത്താൻ കഴിയുമെന്നാണ് ആലോചിക്കേണ്ടത്.

## ഭാവിയെക്കുറിച്ച് ചിന്തിക്കാം

സ്ഥിരം ജോലിയുള്ളവരാണെങ്കിലും കുഞ്ഞിന്റെ ഭാവിക്ക് ആവശ്യമായ തുക നീക്കിവയ്ക്കാൻ ശ്രദ്ധിക്കണം. അവരുടെ വിദ്യാഭ്യാസം, വിവാഹം അങ്ങനെ വലിയ ചിലവെല്ലാം മുന്നിൽ കാണണം.

കുഞ്ഞിന്റെ ഭാവിയിലെ നിർണ്ണായക കാര്യങ്ങളെ സംബന്ധിച്ച് ഒറ്റയ്ക്ക് തീരുമാനമെടുക്കുന്നത് പലപ്പോഴും രക്ഷിതാവിൽ ആശയക്കുഴപ്പം സൃഷ്ടിക്കാറുണ്ട്. നിങ്ങൾക്ക് വിശ്വാസമുള്ള ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും അഭിപ്രായം കൂടി തേടിയതിനു ശേഷം ഒരു തീരുമാനത്തിലെത്താം. കൂടാതെ കുട്ടിയുടെ അഭിപ്രായത്തിനും പരിഗണന നൽകണം. കുട്ടിയെ ദത്തെടുക്കുകയാണെങ്കിൽ സ്വത്തുക്കൾ കൈമാറേണ്ടതിന്റെ നിയമവശങ്ങളെ കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയിരിക്കണം. നിങ്ങൾ വളർത്തിക്കൊണ്ടു വരുന്ന കുട്ടിക്ക് മുതിർന്ന ശേഷം എന്തു തീരുമാനമെടുക്കാനും സ്വാതന്ത്ര്യമുണ്ട്. ചിലപ്പോൾ സ്വതന്ത്ര്യമായി ജീവിക്കാനോ അല്ലെങ്കിൽ ഇത്രനാളും അകന്നു കഴിഞ്ഞിരുന്ന രക്ഷിതാവിനൊപ്പം പോകാനോ ഒക്കെ താത്പര്യം പ്രകടിപ്പിച്ചേക്കാം. ഇത്തരം ഘട്ടങ്ങളിൽ നിങ്ങൾ തനിച്ചു ജീവിക്കേണ്ടിവന്നേക്കുമെന്ന ബോധ്യം ഉള്ളിലുണ്ടാകണം. ഇത് വലിയൊരു മാനസികാഘാതം സമ്മാനിക്കുമെന്നതിനപ്പുറം ചിലപ്പോൾ സാമ്പത്തികമായും നിങ്ങളെ ബാധിച്ചേക്കാം. നിങ്ങളുടെ സ്വത്തുക്കൾ സ്വന്തമാക്കിയ ശേഷം അവർ നിങ്ങളെ വിട്ടെറിഞ്ഞ് പോകാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. വലിയ സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്തുന്ന സമയത്ത് ഇക്കാര്യം മനസ്സിൽ വയ്ക്കുക.

(ലേഖനത്തിൽ പരാമർശിക്കുന്ന പേരുകൾ യഥാർത്ഥമല്ല)

## ബാധ്യതയായി കരുതരുത്

ഒറ്റയ്ക്ക് കുട്ടിയെ വളർത്തുന്നതിലൂടെ നിങ്ങൾ വലിയൊരു ഉത്തരവാദിത്തമാണ് നിറവേറ്റുന്നത്. എന്നാൽ, ഒരിക്കലും അതൊരു ത്യാഗമോ ബാധ്യതയോ ആയി കണക്കാക്കരുത്. കുട്ടിയുമൊത്തുള്ള നിമിഷങ്ങൾ നന്നായി ആസ്വദിക്കുക. എന്തും തുറന്നു സംസാരിക്കാവുന്ന ഒരു സുഹൃത്തായി അവരെ ഒപ്പം കൂട്ടുക. അതേസമയം നിങ്ങളുടേതായ സ്വകാര്യസമയവും കണ്ടെത്തുക. സുഹൃത്തുക്കളുമായി സംസാരിക്കാനും പാർട്ടിയിൽ പങ്കെടുക്കാനും സമയം ചെലവിടാം. ജീവിതത്തിലെ ഓരോ ദിനവും കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഉത്തരവാദിത്തങ്ങൾ എല്ലാം ഒഴിഞ്ഞിട്ട് ജീവിതം ആസ്വദിക്കാം എന്നത് ഒരിക്കലും യാഥാർത്ഥ്യമാകാത്ത ഒരു സ്വപ്നമാണ്.

നിങ്ങളുടെ ചുമതലകൾ നന്നായി നിറവേറ്റുന്നതിനൊപ്പം അതിൽ ആനന്ദം കണ്ടെത്താനും കഴിയുമ്പോഴേ ജീവിതം ആസ്വാദ്യകരമാകൂ.

